ന്ന കൊടുക്കണമെന്നാണ ഗവമ്മെണ്ടിന്റെ ഉദ്ദേശം

ഡെപ്യൂട്ടി പ്രസിഡണ്ട്.—അധികം അങ്ങിനെ കാണുന്നുണ്ടൊ?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അധികം കൂടും അങ്ങിനെതന്നെ. ഫെഡ് മാസ്റ്റർ മാക്ക് സിമം വാങ്ങുന്നാളാണെന്ന ആക്ഷേപിച്ചപ്പോൾ പെൻഷ്യൻ അടുത്തിരിക്കുന്ന മറെറാരാളെ അങ്ങോട്ടയച്ചു. അതുകൊണ്ടു ഗവമ്മെണ്ടിൽ നിന്നു ഭയവായി. അദ്ദേഹത്തെ അവിടെ നിന്നു വേഗത്തിൽ സ്ഥലം മാറ്റിയാൽ കൊള്ളാം.

മിസ്റ്റർ കെ. കൃഷ്ണപിഷാരൊടി.—ഇതുവരെ ഒരു റജിസ്ട്രാരെങ്കിലും അവിടെനിന്നു പെൻഷ്യൻ പറ്റിയിട്ടുണ്ടൊ?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അതു Finance മെമ്പർ തന്നെ പറഞ്ഞാൽ മതി.

മിസ്റ്റർ കെ. കൃഷ്ണപിഷാരൊടി.—ചിലപ്പോൾ അങ്ങിനെയും വരും.

രാമവമ്മ തമ്പുരാൻ.—ഒരു 3rd grade Registrar ന്റെ യാണ് അവിടെക്കയച്ചിരിക്കുന്നത്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—1st grade Registrar's pay എന്താണ് ?

രാമവമ്മ തമ്പുരാൻ.—125 ഉറുപ്പിക.

Mr. A. K. Kunhi Moideen.—Cranganur Registrar's pay?

രാമവമ്മ തമ്പുരാൻ.—90 rupees. അതു നോക്കിയിട്ടാണ് ഇങ്ങിനെ ചെയ്തതു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഇനി പെൻഷ്യൻ കൂടി കൊടുപ്പിക്കയില്ലെന്ന വെച്ചാൽ വളരെ നന്നായിരിക്കും.

The motion was, with leave, withdrawn.

Motion No. 38.

Mr. A. K. Kunhi Moideen.—*To reduce the total allotmet of Rs. 2,066 under Demand No. VII (Registration) by Rs. 1,000.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—മോഷൻ ഞാൻ അവതരിപ്പിക്കുന്നില്ല.

Hence the motion was considered withdrawn.

Demand No. IX—General Administration—Rs. 1,390.

Motion No. 39.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 1,390 under Demand No. IX (General Administration) by Re. 1.*

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ—പാലക്കൊടുങ്ങല്ലൂർ ബഡ്ജറിനു ഒരു അപ്രധാനസ്ഥാനമാണു് നിങ്ങൾ കൊടുത്തിട്ടുള്ളതു് അതിൽ ഞങ്ങൾക്കുള്ള സങ്കടം ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കയാണു് ചെയ്യുന്നതു്.

രാമവമ്മ തമ്പുരാൻ.—എങ്ങിനെ അപ്രധാനം?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—അതിനു ഗവമ്മെണ്ടല്ല അപ്രധാനസ്ഥാനം കൊടുക്കുന്നതു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കഴിഞ്ഞതവണ അതിനു ഒരു മിനിട്ടാണു് അനുവദിച്ചിരുന്നതു്.

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—ഇത്തവണ ഒരുമണിക്കൂർ.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അതു സന്തോഷം. ഇത്തവണ ഞങ്ങളുടെ ബുദ്ധിമുട്ടിനു കുറവു വരുത്തിത്തരണമെന്നു അപേക്ഷിച്ചു ഞാൻ പ്രസിഡണ്ടിനു ഒരു കത്തെഴുതിയിരുന്നു. പക്ഷെ അതു സ്വീകരിച്ചില്ല. എങ്കിലും ദിവാൻ പ്രസിഡണ്ടു ഇന്നു ഉച്ചതിരിഞ്ഞു മുഴുവനും ഈ ബഡ്ജറിനു സമയം തരാമെന്നു പറഞ്ഞതുകൊണ്ടു സന്തോഷിച്ചിരുന്നിരുന്നു. പക്ഷെ അങ്ങിനെയല്ല ഉണ്ടായതു്. എങ്കിലും ഡപ്യൂട്ടി പ്രസിഡെണ്ടിൻറയും ഉച്ചതിരിഞ്ഞു വരാതെയുള്ള മെമ്പർമാരുടെയും ദയകൊണ്ടു് ഇത്രയെങ്കിലും സമയം കിട്ടി. ഞാൻ പറയുന്നതു് ഈ ബഡ്ജറിനു പ്രത്യേകമായി കാലെക്കൂട്ടി സമയം തരുവാൻ സാധിക്കയില്ലെങ്കിൽ State Budget-ൽ അതാതു ഡിപ്പാർട്ടുമെണ്ടിൻറെ അടിയിൽ കൊടുങ്ങല്ലൂർ Budget ലെ ഓരോ Demand ചേർത്താൽ മതിയെന്നാണു്.

ഡപ്യൂട്ടിപ്രസി.ഡണ്ടു്.—അതിനു ഗവമ്മെണ്ടിനു് ആക്ഷേപമില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഇല്ലെങ്കിൽ വേണ്ടത്ര ഇടകൊടുത്താലും മതി. ഇനിയൊരു സംഗതി കൊടുങ്ങല്ലൂരിൻറെ ഏതാവശ്യത്തിനും പണമില്ലെന്നാണു പറയുന്നതു. ഇങ്ങിനെ പറഞ്ഞു ഗവമ്മെണ്ടു സമാധാനപ്പെടുന്നതു ശരിയല്ല. കൊടുങ്ങല്ലൂരിൻറെ നേരെ മാത്രമായിട്ടോടുകൂടി—വിശാലമനസ്കതയോടുകൂടി—നിങ്ങൾ പെരുമാറുന്നില്ല. അതിരിക്കട്ടെ. കൊടുങ്ങല്ലൂർക്കാർ അയൽ രാജ്യക്കാരുടെ സുഖങ്ങളെ കണ്ടുകൊണ്ടു അവയനുഭവിക്കാതെ എത്ര നാൾ കഴിച്ചുകൂട്ടും? കൊടുങ്ങല്ലൂർക്കാർ കരം എല്ലാത്തരത്തിലും യാതൊരു കുറവും കൂടാതെ കൊടുത്തുവരുന്നുണ്ടു്. എന്നാൽ അവിടെയാണെങ്കിൽ റോഡില്ല, തോടില്ല, മറ്റു യാതൊരു സൌകര്യവുമില്ല. ഇതിനൊപ്പുറമെ അവിടെ വരുന്ന അന്യനാട്ടുകാരും നമ്മുടെ official മെമ്പർമാർ പോലും വളരെ അനുകമ്പയോടുകൂടി എന്നോടു സംസാരിക്കുകയും എന്തുകൊണ്ടു കൌൺസിലിൽ ചോദിക്കുന്നില്ലെന്നു് പറയുകയും ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിദായകന്മാരോടാണെങ്കിൽ സമാധാനം പറഞ്ഞുപറഞ്ഞു തോറ്റു. കൊടുങ്ങല്ലൂർ ഖജനാവിൽ പണമില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടിന്നു് അതിരില്ല.

കൊടുങ്ങല്ലൂരിന്നു അവകാശമുള്ള ഓഹരികൾ കൊടുക്കുന്ന സംഗതികളിൽ ദിവൻമ്മേണ്ടന്റെ അഗാധമായ ആലോചന കഴിയുന്നുമില്ല. അവിടത്തെ ആവശ്യങ്ങൾ നടത്തുവാൻ ഒരു contribution ഓ loan ഓ ഏതെങ്കിലും ഒന്നു കൊടുക്കേണമെന്നു് ഞാൻ മുമ്പുതന്നെ പ്രസ്താവിക്കുകയുണ്ടായി.

എന്തിനു? കൊടുങ്ങല്ലൂരിന്റെ ആവശ്യം നടത്തുവാൻ നിങ്ങൾ പല തടസ്ഥങ്ങളും പറഞ്ഞുവരുന്നു. നിങ്ങൾക്കു ഗുണമെന്നുകണ്ടാൽ നിങ്ങൾ ഒരുവിധം പറയും. അതു ഞങ്ങൾക്കാണെങ്കിൽ നിങ്ങൾ മറെറാരു വിധവും പറയും. മഹാരാജാവു തിരുമനസ്സിലെ തിരുനാൾ പ്രമാണിച്ചുള്ള കൃഷിവായ്പ സംഖ്യയെപ്പറ്റി ചോദിച്ചപ്പോൾ അതിൽനിന്നു ഞങ്ങൾക്കൊന്നുമില്ലെന്നും വേറെ ൫,൦൦൦ ക. വെച്ചിട്ടുണ്ടെന്നും പറഞ്ഞു. വിഷുവൈദ്യത്തിന്റെ കായ്ത്തിലും ഞങ്ങളെ തള്ളി. നിങ്ങൾക്കു ആവശ്യമുള്ളപ്പോൾ ഞങ്ങൾ കൊച്ചി പ്രജകൾ. ഞങ്ങൾക്കാവശ്യമുള്ളപ്പോൾ ഞങ്ങൾ കൊടുങ്ങല്ലൂർക്കാർ. അതുയെ ഉള്ളു. അനാചാരങ്ങളേയും ദോഷഭൂയിഷ്ഠങ്ങളായ സംഗതികളേയും പൂണ്ടിക്കാണിച്ചുകൊടുക്കുമ്പോൾ ദിവൻമ്മേണ്ടു എന്തുപറയുന്നു? ജനങ്ങളിൽ ഒരു കൂട്ടർ അതിനനുസരിക്കയില്ലത്രെ. നിയമവാദം പറഞ്ഞാൽ മൌനമായി. കൊടുങ്ങല്ലൂർ ജന്തുഹിംസക്കും തെറിപ്പാട്ടിനുമായി ഉഴിഞ്ഞിട്ടിട്ടുള്ള ദിക്കാണു്. അവിടെ ഉള്ള റോഡുകളിൽ കൂടി ഭരണക്കാലങ്ങളിൽ മാനമായി നിർഭയമായി നടപ്പാൻ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. കള്ളുകുടിയന്മാരായ ചില ആഭാസന്മാർ വഴിയിൽ മനുഷ്യന്മാരുടെ മുഖത്തുനോക്കി എന്തൊക്കെ പറയുന്നു? അവിടെ സ്ത്രീകളില്ലെന്നാണൊ ദിവൻമ്മേൻറെ വിചാരിക്കുന്നതു്? ഈവക കായ്ങ്ങളിൽ യാഥാസ്ഥിതികന്മാരുടെ വാക്കുകേട്ടു യാതൊന്നും ചെയ്യാതിരിക്കുന്നതു ഏറവും പരിതാപകരമായിട്ടുള്ളതാണു്.

Interportal Trade Convention പ്രകാരം കിട്ടുന്ന ആദായത്തിൽനിന്നുന്യായമായ ഓഹരി കൊടുക്കാതെ നിവൃത്തിയില്ല. അതുപോലെതന്നെ മറു പല ഇനങ്ങളിലും ഓഹരി കൊടുക്കേണ്ടതുണ്ടു്. ഇതിനൊന്നും ഒരുക്കമില്ലാത്തപക്ഷം കൊച്ചിയുടെ ഇതരതാല്പര്യങ്ങളെ പോലെ കൊടുങ്ങല്ലൂരിനെയും കരുതി പ്രത്യേക കണക്കു് വെപ്പാനും കൂടാതെ ഭരണം നടത്തേണ്ടതാണു്.

ഡപ്യൂട്ടി പ്രസിഡണ്ടു്.—അതു അത്ര സാദ്ധ്യമല്ല. മറു സംഗതികളിൽ ചിലതെല്ലാം Special Finance Committee

LIBRARY ARCHIVES Kerala Legislative Assembly

Report ൽ വരുന്നുണ്ട്. Loan ന്റെ കാര്യം ആലോചിച്ചു പറയാം.

മിസ്റ്റർ എം. കെ. രാമൻ.—ആഭാസപ്പാട്ടിന്റെയൊ?

രാമവർമ്മ തമ്പുരാൻ.—അതിനെപ്പറ്റി പലതവണയും പറഞ്ഞിട്ടുണ്ട്. Details പറവാൻ സാധിക്കയില്ല.

The motion was, with leave, withdrawn.

Motions Nos. 40—42.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 1,390 under Demand No. IX by Rs. 5.*

Demand No. X—Law and Justice—Rs. 9,327.

Mr. A. K. Kunhi Moideen.—*To reduce the allotment of Rs. 9,327 under Demand No. X by Rs. 2,000.*

Demand No. XII—Police—Rs. 7,790.

Mr. A. K. Kunhi Moideen.—*To reduce the allotment of Rs. 7,790 for (a) Executive Force by Rs. 500.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ,—൪൦ മുതൽ ൪൨ വരെ മോഷൺസ് ഞാൻ മൂവ് ചെയ്യുന്നില്ല.

Hence these motions were considered withdrawn.

Demand No. XIII—Education—Rs. 54,160.

Motion No. 43.

Mr. A. K. Kunhi Moideen.—*To reduce the allotment of Rs. 11,427 for 2. Secondary Education-Girls' School by Rs. 300.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—Cranganur Girls' High School ൽ അദ്ധ്യാപികമാക്കു വളരെ കൂടിയ ഗ്രേഡാണ് കൊടുത്തുകാണുന്നതു്. അവിടത്തെ സാമ്പത്തികനിലക്കു ഈ കൂടിയ ഗ്രേഡിൽ ഉള്ളവരെ ആവശ്യമില്ല. അതുകൊണ്ടു കൂടുതൽ വരുന്ന സംഖ്യ കുറക്കണം. രണ്ടു ഹൈസ്കൂളുകൾ അവിടെ തീരെ ആവശ്യവുമില്ല. അതുകൊണ്ടു ഈ ൩൦൦ ക. കുറച്ചാൽ കൊള്ളാം. Girls' High School ലെ റിസൽട്ടാണെങ്കിൽ വളരെ മോശം.

റാവു സാഹിബ് മിസ്റ്റർ സി. മത്തായി.—Results മുമ്പു് അല്പംമോശമായിരുന്നുവെങ്കിലും ഇപ്പോൾ നന്നായിട്ടുണ്ടു്. രണ്ടു സ്കൂളുകളിലും ഗ്രേഡ് വളരെ കൂടിയതൊന്നുമല്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—Girls' High School ൽ Boys' High School ലെ ഗ്രേഡുപോലെ ബഡ്ജറ്റു നോക്കിയാൽ വ്യത്യാസം കാണാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly